പി2 – 23868/99
6.8.1999

# സർക്കുലർ നംപർ 8/99

വിഷയം – വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് സത്വരപരിഹാരം കണ്ടെത്തുന്നതിന്റെ ആവശ്യകത – നിർദ്ദേശങ്ങൾ നൽകുന്നതിനെക്കുറിച്ച്.

സൂചന – 29..06..1999 ൽ ബഹുമാനപ്പെട്ട വനം, ദേവസ്വം, ട്രാൻസ്പോർട്ട് മന്ത്രിയുടെ ചേമ്പറിൽവെച്ച് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വികസന മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം.

വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങളിലേക്കും അവർക്ക് വനത്തിനുള്ളിൽ ജോലി നൽകുന്നതിന് കൂടുതൽ പ്രാമുഖ്യം നൽകുന്നതിനെക്കുറിച്ചും ആദിവാസികളുടെ കൈവശത്തിലുള്ള ഭൂമി അളന്ന് തിരിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്ക് സത്വരമായി പരിഹാരം കണ്ടെത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ചും മേപ്പടി യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വനം വകുപ്പിൽ നിന്ന് സകലവിധ സംരക്ഷണവും അവരുടെ പ്രശ്നപരിഹാരങ്ങൾക്ക് അനുഭാവപൂർണ്ണമായ സമീപനവും ആവശ്യമാണെന്ന് ഈ യോഗത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടു.

ഈ തീരുമാനങ്ങളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വനങ്ങളിൽ വനംവകുപ്പിൽ നിന്നും വനസംബന്ധമായ ജോലികൾ ചെയ്യുമ്പോൾ വനത്തിനുള്ളിൽ വസിക്കുന്ന ആദിവാസികൾക്ക് മുൻഗണന നൽകേണ്ടതാണ്.
2. ആദിവാസികളുടെ കൈവശത്തിലുള്ള ഭൂമി അളന്ന്തിരിക്കുമ്പോൾ ഇതു സംബന്ധമായി അവരിൽ നിന്നും പരാതി ലഭിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമ്മാർ ഈ സ്ഥലം നേരിൽ പരിശോധിക്കേണ്ടതും സത്വരമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ കാര്യത്തിൽ എല്ലാ കൺസർവേറ്റർമാരുടേയും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടേയും, റയിഞ്ചാഫീസർമാരുടേയും അടിയന്തരശ്രദ്ധ പതിയേണ്ടതാണ്.
3. ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ വനം വകുപ്പ് ഉദ്യോഗസ്ഥൻമ്മാരുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ആ വിവരം ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ)

പകർപ്പ്: എല്ലാ ചീഫ് കൺസർവേറ്റർമാർക്കും, കൺസർവേറ്റർമാർക്കും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും, റയിഞ്ചാഫീസർമാർക്കും അറിവിനും അനന്തരനടപടികൾക്കുമായി അയയ്ക്കുന്നു.

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
തൃശൂർ

cir-mal